**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3941** **17-03-2025 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ പുതിയ ബഹുനില കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കിഫ്ബി ധനസഹായത്തോടെ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പദ്ധതി പ്രദേശത്തെ പഴയ ഓർത്തോ ഒ.പി, വെക്ടർ കൺട്രോൾ യൂണിറ്റ്, പഴയ ഓഫീസ് കെട്ടിടം, എൻ.സി.ഡി യൂണിറ്റ്, ബയോമെഡിക്കൽ സ്റ്റോറേജ് യൂണിറ്റ് എന്നീ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിലുണ്ടായ കാലതാമസം കാരണമാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത്. |
| (ബി) | ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 80.41 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കിഫ്ബി ധനസഹായത്തോടെ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പദ്ധതി പ്രദേശത്തെ പഴയ ഓർത്തോ ഒ.പി, വെക്ടർ കൺട്രോൾ യൂണിറ്റ്, പഴയ ഓഫീസ് കെട്ടിടം, എൻ.സി.ഡി യൂണിറ്റ്, ബയോമെഡിക്കൽ സ്റ്റോറേജ് യൂണിറ്റ് എന്നീ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിലുണ്ടായ കാലതാമസം കാരണമാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത്. |
| (സി) | ടി കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലുള്ള ഏതെല്ലാം കെട്ടിടങ്ങളാണ് പൊളിച്ച് നീക്കേണ്ടതെന്ന് വ്യക്തമാക്കുമോ; അവയിൽ ഏതെല്ലാം കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിനാണ് അനുമതി ലഭിക്കാനുള്ളതെന്നും അനുമതി ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കുമോ? | (സി) | പദ്ധതി പ്രദേശത്തെ പഴയ ഓർത്തോ ഒ.പി, വെക്ടർ കൺട്രോൾ യൂണിറ്റ്, പഴയ ഓഫീസ് കെട്ടിടം, എൻ.സി.ഡി യൂണിറ്റ്, ബയോമെഡിക്കൽ സ്റ്റോറേജ് യൂണിറ്റ് എന്നിവയാണ് പൊളിച്ചുമാറ്റാനുള്ളത്. ഇതിൽ പഴയ ഓഫീസ് കെട്ടിടം, പഴയ ഓർത്തോ ഒ.പി, എന്നിവ പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വെക്ടർ കൺട്രോൾ യൂണിറ്റ്, എൻ.സി.ഡി യൂണിറ്റ്, ബയോമെഡിക്കൽ സ്റ്റോറേജ് യൂണിറ്റ് എന്നിവ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ ഫിറ്റാണെന്ന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ വിലയിരുത്തിയ |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ പൊളിച്ച നീക്കുന്ന നടപടി ക്രമങ്ങളിൽ കാലതാമസമുണ്ടായി. |

സെക്ഷൻ ഓഫീസർ